ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ -- --688001

ഫോൺ:0477-2251349,ഇ-മെയിൽ: prdalppy@gmail.com,

വെബ് സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 1 "ഭരണഭാഷ-മാതൃഭാഷ" 2019 ഡിസംബർ 17 ചൊവ്വ

---

**ഇറക്കുമതി ചെയ്ത സവോള ഉടൻ കേരളത്തിലെത്തും**

**- മന്ത്രി പി തിലോത്തമൻ**

ക്രിസ്തുമസ് ജില്ല ഫെയറിന് തുടക്കമായി

ആലപ്പുഴ: ഉയർന്നുനിൽക്കുന്ന സവോള വില കുറയ്ക്കുന്നതിന്റെ ഭാഗമായി ഇറക്കുമതി ചെയ്ത സവോള ഉടനെ കേരളത്തിലെത്തുമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി പി.തിലോത്തമൻ പറഞ്ഞു. കേന്ദ്രസർക്കാർ ഈജിപ്ത് ,തുർക്കി, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്ത് കൊണ്ടുവരുന്ന സവോളയുമായി ചരക്ക് കപ്പൽ ഇന്നലെ ഇത്തിയിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് കേരളത്തിൽ എത്തിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ജില്ലാകോടതി പാലത്തിന് പടിഞ്ഞാറ് വശം പുന്നപ്ര വയലാർ സ്മാരക ഹാളിൽ ആരംഭിച്ച ക്രിസ്തുമസ് ജില്ലാ ഫയർ 2019 ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു മന്ത്രി. വില കുറയ്ക്കുന്നതിന് സർക്കാരിന്റെ പരിമിതിക്കുള്ളില് നിന്ന് എല്ലാ ശ്രമവും നടത്തുന്നു. സവാള വില ഉയർന്നപ്പോൾ കേരളത്തിൽ ആദ്യഘട്ടത്തിൽ നാസിക്കിൽ നിന്നും 50 ടൺ സവോള കൊണ്ടുവന്നിരുന്നു. ഉള്ളി വില 70 രൂപയോളം ഉയർന്ന സമയത്ത് സപ്ലൈകോ ലാഭം ഒന്നും എടുക്കാതെ 38 രൂപയ്ക്കാണ് സവോള വിറ്റത് . കേന്ദ്രം ഇറക്കുമതി ചെയ്യുന്നതിൽ നിന്ന് പ്രതിമാസം 300 ടൺ സവോളയാണ് കേരളസർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത് . എന്തുവിലകൊടുത്തും സംഭരിച്ച് ജനങ്ങൾക്ക് വിലകുറച്ച് ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പറഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നൽകിയ ഉറപ്പ് പോലെ 14 സബ്സിഡി ഉത്പന്നങ്ങൾക്ക് വില കൂടിയിട്ടില്ല. അധിവർഷം പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളെയും കാര്യമായി ബാധിച്ചതിനാൽ പച്ചക്കറി ഉൽപ്പാദനം തീരെ കുറഞ്ഞിട്ടുണ്ട്. കേന്ദ്രസർക്കാര് സാമ്പത്തിക പ്രതിസന്ധി കാരണം രണ്ടു സീസണിൽ നെല്ല് സംഭവിച്ചതിന്റെ ഭാഗമായി കേരളത്തിന് നൽകാനുള്ള 1200 കോടി രൂപ തന്നിട്ടില്ല. ഇത് സംഭരിച്ച നെല്ലിന് വില എല്ലാവർക്കും നൽകാന് കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നതായും മന്ത്രി വ്യക്തമാക്കി. ഡിസംബർ 24 വരെയാണ് ക്രിസ്തുമസ് മാർക്കറ്റ് പ്രവർത്തിക്കുക.

ജില്ല പഞ്ചായത്ത് പ്രസിഡൻറ് ജി.വേണുഗോപാൽ അധ്യക്ഷനായ ചടങ്ങില് മുല്ലയ്ക്കല് വാർഡ് കൗൺസിലര് റാണി രാമകൃഷ്ണൻ, ജില്ല സപ്ലൈ ഓഫീസര് പി.മുരളീധരൻ നായര്, സപ്ലൈകോ പ്രതിനിധി രമേശ്, വി.എൻ.രവികുമാരൻ പിള്ള, ജോണി മുക്കം, സലീം,കല എന്നിവർ പ്രസംഗിച്ചു.

ക്രിസ്തുമസ് ഫെയറിൽ വിലക്കുറവ്

**11 രൂപ സബ്സിഡിയോടെ ജയ അരി 25 രൂപയ്ക്കും അഞ്ച് രൂപ വിലക്കുറച്ച് 23 രൂപയ്ക്ക പച്ചരിയും 10 രൂപ സബ്സിഡിയിൽ മട്ട അരി 24 രൂപയ്ക്കും 15 രൂപ സബ്സിഡിയിൽ 22 രൂപയ്ക്ക് പഞ്ചാസാരയും 90 രൂപയ്ക്ക് വിൽക്കുന്ന ചെറുപയർ 74 രൂപയ്ക്കും 115 രൂപയ്ക്ക് വിൽക്കുന്ന ഉഴുന്ന് 66 രൂപയ്ക്കും നോൺ സബ്സിഡി വില 60 ഉള്ള കടല 43 രൂപയ്ക്കും നോൺ സബ്സിഡി നിരക്ക് 91 ഉള്ള വൻപയര് 45 രൂപയ്ക്കും നോൺസബ്സിഡി 170 രൂപയുള്ള മുളക് സബ്സിഡി നിരക്കായ 75 രൂപയ്ക്കും ഇവിടെ ലഭിക്കും. വെളിച്ചെണ്ണ, മല്ലി ഉൾപ്പടെയുള്ള സാധനങ്ങള് സബ്സിഡി നിരക്കിലാണ് ക്രിസ്തുമസ് ഫെയറിൽ ലഭ്യമാക്കിയിട്ടുള്ളത്.**

**(ചിത്രമുണ്ട്)**

**ഫാക്ടറി ലൈസൻസ് 31 വരെ പുതുക്കാൻ അവസരം**

ആലപ്പുഴ: 2020ലേക്കുള്ള ഫാക്ടറി ലൈസൻസ് പുതുക്കാത്ത ജില്ലയിലെ ഫാക്ടറി ഉടമസ്ഥർക്ക് 25% പിഴയോടെ ഡിസംബർ 31 വരെ ലൈസൻസ് പുതുക്കുന്നതിന് അവസരം. പുതുക്കുന്നതിനുള്ള അപേക്ഷ www.fabkerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി നൽകാമെന്ന് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഇൻസ്പെക്ടര് അറിയിച്ചു. ഡിസംബർ 31നു ശേഷം ലഭിക്കുന്ന അപേക്ഷകൾക്ക് 50ശതമാനം പിഴ ഈടാക്കും. 2020 ജനുവരി ഒന്നിന് ശേഷം ലൈസെൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾക്കെതിരെ നിയമനടപടി സ്വീകരിക്കും.

**ഐ.ആം ഫോർ ആലപ്പി, ടോയ് ലറ്റ് ബ്ലോക്കും**

**വാട്ടർ പ്യൂരിഫയറും നൽകി**

ആലപ്പുഴ: മുൻ സബ്കളക്ടര് വി.ആർ.കൃഷ്ണതേജ ആരംഭിച്ച ഐ.ആം.ഫോർ ആലപ്പി പദ്ധതിയില് നെസ്ലെ ഇന്ത്യ ലിമിറ്റഡ് നിർമിച്ച് നൽകിയ ടോയ് ലറ്റ് ബ്ലോക്കിന്റെയും വാട്ടര് പ്യൂരിഫയറിന്റെയും ഉദ്ഘാടനം ധനമന്ത്രി ഡോ.ടി.എം.തോമസ് ഐസക് ചെട്ടികാട് എസ്.സി.എം.വി.ഗവൺമെന്റ് യു.പി.എസിൽ നിർവഹിച്ചു. ജില്ലയിൽ പ്രളയക്കെടുതിയെത്തുടർന്ന് നെസ്ലെ കമ്പനി 20 ടോയ്ലറ്റ് ബ്ലോക്കുകളാണ് നിർമിച്ച് നൽകുന്നത്. ജില്ല പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ കെ.ടി.മാത്യു അധ്യക്ഷത വഹിച്ചു.മാരാരിക്കുളം തെക്ക് പഞ്ചായത്ത് പ്രസിഡൻറ് ഇന്ദിര തിലകന്, റീജിയണൽ കോ-ഓപ്പറേറ്റീവ് അഫയേഴ്സ് മാനേജർ ജോയ് സക്കറിയ, ആര്യാട് ബ്ലോക്ക് വൈസ് പ്രസിഡൻറ് സ്നേഹജന്, ലെയ്സൺ ഓഫീസര് മുഹമ്മദ് ഷെറീഫ്, ജയൻ തോമസ്, സുജ, എൻ.റ്റി.സെബാസ്റ്റ്യൻ, ഹെഡ്മാസ്റ്റർ പി.ജി.വേണു, ബിന്ദു, പി.ആർ.യേശുദാസ് എന്നിവർ പ്രസംഗിച്ചു.

(ചിത്രമുണ്ട്)